9.30 AM]

II പ്രത്യേക പരാമർശം

ചെന്നൈയിലെ പേമാരി ദുരന്തം

<u>ശ്രീ. സ്പീക്കർ</u> : തമിഴ്നാടിന്റെ തലസ്ഥാനമായ ചെന്നൈ നഗരം വെള്ളത്തിനടിയിലായിരിക്കുകയാണ്. നമ്മുടെ തൊട്ടയൽക്കാരായ ചെന്നൈയിലെ ജനങ്ങൾ ദയനീയാവസ്ഥയിലാണ്. മഴ ഇപ്പോഴും തുടരുകയാണ്. ഇതിനകം ഉരുണ്ടുകൂടിയ കാർമേഘങ്ങൾ ജീവനെടുത്ത നൂറോളം പേരുടെ ദുഃഖത്തിലാണ് ചെന്നൈയിലെ കുടുംബങ്ങൾ. ഈ ദുരന്തത്തിൽ ചെന്നൈ നഗരത്തിന്റെ ദുഃഖത്തിൽ നമുക്കും പങ്കുചേരാം. ഈ ദുരന്തത്തിൽനിന്ന് എത്രയുംവേഗം രക്ഷനേടുന്നതിന് അവർക്ക് ശക്തി പകരാനായി നമുക്കും അനുശോചനം പ്രകടിപ്പിക്കാം.

<u>മന്ത്രി (ശ്രീ. ഇബ്രാഹിം കുഞ്ഞ്)</u>: സർ, ഇന്നലെ സഭയെ അറിയിച്ചതനുസരിച്ച് മന്ത്രിതലസംഘത്തെ അയച്ചിട്ടുണ്ട്. ഇവിടെ കൺട്രോൾ റൂം തുറന്നു. തമിഴ്നാടിനുവേണ്ട സഹായങ്ങൾ ചെയ്യുന്നതിനുവേണ്ടി ബന്ധപ്പെട്ട് കൊണ്ടിരിക്കുന്നു. കേരളത്തിൽ നിന്നുള്ള മറ്റു വിധത്തിലുള്ള സഹായവും അവർക്ക് നൽകാനും ചെയ്തിട്ടുണ്ട്. കേന്ദ്രമന്ത്രി ശ്രീ. രാജ്നാഥ് സിംഗിനെ വിളിച്ച് ആഭ്യന്തര വകുപ്പുമന്ത്രി എല്ലാ സഹായങ്ങളും അഭ്യർത്ഥിച്ചിട്ടുണ്ട്. മിലിട്ടറിയും ദുരന്തനിവാരണ സേനയും സജ്ജമാക്കിയിട്ടുണ്ട്. പക്ഷെ ടെലിഫോണിൽക്കൂടി വളരെ ചുരുക്കമായിട്ടുമാത്രമെ ബന്ധപ്പെടാൻ കഴിയുന്നുള്ളുവെന്നതാണ് നമുക്കുള്ള ഒരാശങ്ക. കിട്ടുന്ന നമ്പരുകളിലൂടെയും ബന്ധപ്പെട്ട് അവിടെ കുടുങ്ങിയിട്ടുള്ളവർക്കും മറ്റും വേണ്ട സഹായങ്ങളെത്തിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്.

III അടിയന്തര പ്രമേയം

സോളാർ എൻക്വയറി കമ്മീഷൻ മുമ്പാകെ നടത്തിയ വെളിപ്പെടുത്തലുകൾ

<u>ശ്രീ. സ്പീക്കർ</u>: ഇന്ന് റൂൾ 50 അനുസരിച്ച് ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്. സാധാരണഗതിയിൽ ഈ അടിയന്തര പ്രമേയം അനുവദിക്കുവാൻ അനുവദിക്കാൻ പാടില്ല. ഒരു ജുഡീഷ്യൽ കമ്മീഷന്റെ മുമ്പിലിരിക്കുന്ന പ്രശ്നം നിയമസഭ ചർച്ചയ്ക്കെടുക്കാൻ പാടില്ലെന്നാണ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 53-ൽ പറയുന്നത്. എന്നാൽ സ്പീക്കറുടെ പ്രത്യേക വിവേചനാധികാരമുപയോഗിച്ച് സ്പീക്കർക്ക് വേണമെങ്കിൽ അനുവദിക്കാം. പക്ഷെ അത് നിയമപരമായി എടുക്കാൻ പാടില്ല എന്നാണ്. എന്നാലും ഞാൻ അനുവദിക്കുകയാണ്. ഒരു പരിധിക്കകത്ത് നിന്നുകൊണ്ട് ചർച്ച ചെയ്യണം എന്നുപറഞ്ഞ് അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly